നം.2431/ഇ2/2020/കെഎസ്എച്ച്ഒ 23/03/2020

# സർക്കുലർ

വിഷയം:- സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) -സംസ്ഥാന-ജില്ലാ മിഷനുകളിലെ കരാർ ജീവനക്കാരുടെ സേവനകാലാവധി ദീർഘിപ്പിക്കുന്നത് - പെർഫോമൻസ് അപ്രൈസൽ സമർപ്പിക്കുന്നത് - സമയപരിധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 17/03/2020 ലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ

സൂചന സർക്കുലർ പ്രകാരം, കുടുംബശ്രീയിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള രേഖാമൂലമുള്ള അപേക്ഷ, പെർഫോമൻസ് അപ്രൈസൽ എന്നിവ ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ഓഫീസർക്ക് ലഭ്യമാക്കുന്നതിനുള്ള അവസാന തീയതി 2020 മാർച്ച് 20 ഉം, റിപ്പോർട്ടിംഗ് ഓഫീസർമാർ റിവ്യൂവിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ട തീയതി 25/03/2020 ഉം, റിവ്യൂവിംഗ് ഓഫീസർ അപ്രൈസൽ റിവ്യൂ ചെയ്ത് സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ട തീയതി 30/03/2020 ഉം ആയിരുന്നു.

കോവിഡ് 19 ജാഗ്രത നിലനിൽക്കുന്ന സാഹചര്യത്തിൽ, കരാർ ജീവനക്കാർ പ്രസ്തുത അപ്രൈസലും അപേക്ഷയും **റിപ്പോർട്ടിംഗ് ഓഫീസർക്ക് ലഭ്യമാക്കുന്നതിനുള്ള അവസാന തീയതി 2020 ഏപ്രിൽ 20 വരെയും,** റിപ്പോർട്ടിംഗ് ഓഫീസർമാർ **റിവ്യൂവിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ട തീയതി 2020 ഏപ്രിൽ 25 വരെയും,** റിവ്യൂവിംഗ് ഓഫീസർ അപ്രൈസൽ റിവ്യൂ ചെയ്ത് **സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ട തീയതി 2020 ഏപ്രിൽ 30 വരെയും** ദീർഘിപ്പിച്ചിട്ടുള്ളതായി അറിയിക്കുന്നു.

സംസ്ഥാന മിഷനിലെ കരാർ ജീവനക്കാർ, അപേക്ഷയും പെർഫോമൻസ് അപ്രൈസലും എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ സമർപ്പിക്കേണ്ട തീയതി **2020 ഏപ്രിൽ 23 വരെ** ദീർഘിപ്പിച്ചിട്ടുണ്ട്.

(ഒപ്പ്)
ഡയറക്ടർ (എ&എഫ്)
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

1. എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
3. ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, എൻ.ആർ.ഒ (എസ്.റ്റി പ്രോജക്ട് ഇൻചാർജ്ജ്)
4. സംസ്ഥാന മിഷനിലെ ബന്ധപ്പെട്ട ജീവനക്കാർക്ക്
5. ജില്ലാ മിഷനിലെ ബന്ധപ്പെട്ട ജീവനക്കാർക്ക് (ഡി.എം.സി. മുഖേന)

പകർപ്പ്
വെബ്സൈറ്റ്
കരുതൽ / അധികം

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ